DESPATCHED
01/04/2022

30/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**AP.No. 1191 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 10571/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 30**

| | |
|---|---|
| ശ്രീ. കൃഷ്ണൻ.വി,<br>മാലംകോട്, കണ്ണങ്കോട്,<br>കരിപ്പോട് പി.ഒ,<br>പാലക്കാട് - 678 503. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി,<br>കൊടുവായൂർ ഗ്രാമപഞ്ചായത്ത്,<br>പാലക്കാട് - 676 501.<br>2. അപ്പീൽ അധികാരി &<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,<br>പാലക്കാട്.<br>3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,<br>പാലക്കാട്. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷന്റെ 16/12/2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. അൻസർ.എം ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത് ടിയാന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ താൽക്കാലിക ചുമതലയാണ് ഉണ്ടായിരുന്നത് എന്നും അപേക്ഷകൻ ആവശ്യപ്പെട്ട കുടിവെള്ള പദ്ധതിയെ സംബന്ധിച്ച വിവരം ലഭ്യമായ എല്ലാ രീതിയിലും അന്വേഷിച്ചിട്ടും വ്യക്തമായ ഒരു വിവരവും ലഭ്യമാകാത്തതിനാലാണ് കുടിവെള്ള പദ്ധതി കൺവീനർ/ചെയർമാനോട് വിവരം ആവശ്യപ്പെട്ടിട്ടുണ്ട് എന്ന മറുപടി അപേക്ഷകന് നൽകാൻ ഇടയായതെന്നും കോവിഡ് വ്യാപനം മൂലം അധിക ജോലി ഭാരം ഉണ്ടായിരുന്നു എന്നും, വിവരം കണ്ടെത്തി നൽകാം എന്ന ഉത്തമ വിശ്വാസത്തോടെയും സദുദ്ദേശത്തോടെയുമാണ് അപേക്ഷകന് അത്തരത്തിൽ മറുപടി നൽകിയത് എന്നും മന:പൂർവമല്ലാതെയുണ്ടായ ടി വീഴ്ച മാപ്പാക്കണമെന്നുമാണ്. പ്രസ്തുത വിശദീകരണം പരിശോധിക്കുമ്പോൾ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. അൻസർ.എം ന്റെ ഭാഗത്ത് നിന്ന് മന:പൂർവ്വമോ, ബോധപൂർവ്വമോ ആയ വീഴ്ച മറുപടി നൽകുന്നതിൽ ഉണ്ടായതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ടി വിശദീകരണം വസ്തുതാപരമാണെന്നു വിലയിരുത്തി ടി അപ്പീൽ ഹർജിയിലെ തുടർ നടപടികൾ

അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മാർച്ച് മാസം 30-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

Pm